ഇടതുപക്ഷ ജനാധിപത്യമുന്നണി വന്നിട്ടും ചെയ്യാൻ തയ്യാറാകാത്ത കാര്യം ഈ ഗവൺമെന്റ് ചെയ്യുന്നു. ഈ മേഖലയിൽ ഒരു സ്വകാര്യ ബസ്സുപോലും അനുവദിക്കാൻ പാടില്ല എന്നാണ് തീരുമാനിച്ചത്. 2005 നവംബർ മാസം വരെയുണ്ടായിരുന്ന സ്വകാര്യ ബസ്സുകളെ അതേപടി നിലനിർത്തിക്കൊണ്ട് അവിടെ ഇനി ആവശ്യമുള്ള മുഴുവൻ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. ബസ്സ് ആരംഭിക്കുമെന്ന് സുപ്രീംകോടതിയിൽ മറുപടി കൊടുത്തത് കെ.എസ്.ആർ.ടി.സി.-യെ നശിപ്പിക്കാനാണെന്ന് പറയരുത്. അതാണ് അങ്ങ് വസ്തുതകൾ മനസ്സിലാക്കണമെന്ന് ഞാനാദ്യം സൂചിപ്പിച്ചത്.

(2) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നെല്ലുസംഭരണം

ഡോ. കെ. സി. ജോസഫ് : സർ, കാർഷിക മേഖലയിലെ പ്രധാനപ്പെട്ട വിളവെടുപ്പ് സീസൺ ആരംഭിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിൽ മാത്രം ഒന്നൊന്നര മാസത്തിനിടയിൽ ഒന്നര ലക്ഷം ടൺ നെല്ലെങ്കിലും ഉല്പാദിപ്പിക്കപ്പെടുമെന്നാണ് കരുതുന്നത്. ആ നെല്ല് സംഭരിക്കാനുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നെല്ലെടുക്കുന്നതിനു വേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകൾ നെല്ലു സംഭരണം ഫലപ്രദമായി നടത്താൻ തടസ്സമായിരിക്കുമെന്നുള്ള ഉത്ക്കണ്ഠയാണ് കൃഷിക്കാർക്കുള്ളത്. വിവിധ മില്ലുകൾ ഒന്നര ലക്ഷം ടൺ നെല്ലുല്പാദിപ്പിക്കുമ്പോൾ ഒന്നരമാസംകൊണ്ട്, മാർച്ചുമാസം 31-ാം തീയതിക്കുമുമ്പ് ഈ നെല്ല് മുഴുവൻ സംഭരിക്കുന്ന ഏജൻസികളെ രംഗത്തിറക്കിയാൽ മാത്രമേ ഫലപ്രദമായ സംഭരണം നടക്കൂ. ഇപ്പോൾ മില്ലുകൾ നെല്ലെടുക്കുന്നതിനുവേണ്ടി ഗ്യാരന്റി നൽകണമെന്നു പറഞ്ഞിട്ടുള്ള തുക വളരെ കൂടുതലായതിനാൽ അതുപ്രകാരം കഴിയുമോ എന്നുള്ള ഒരു ആശങ്ക കൃഷിക്കാർക്കുണ്ട്. അതുപോലെ രണ്ട് ലോഡ് നെല്ല് എങ്കിലും ഉണ്ടെങ്കിൽ മാത്രമേ അവർ വരികയുള്ളൂ എന്നുപറയുന്നു. അതുകൊണ്ട് ചില പ്രശ്നങ്ങളുമുണ്ട്. ഈർപ്പം-അളവ് കണക്കാക്കുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രത്യേകമായ മാനദണ്ഡം സ്വീകരിക്കാതെ മില്ലുകൾ നിശ്ചയിക്കുന്ന ഉറപ്പിനനുസരിച്ച് ഒരു ക്വിന്റൽ നെല്ലിന് 105 മുതൽ 110 കിലോഗ്രാം വരെ കൊടുക്കണമെന്നുള്ള ആവശ്യമാണ് സ്വകാര്യ മില്ലുകൾ പറയുന്നത്. അങ്ങനെയുള്ള ചൂഷണങ്ങളും അവിടെ നടക്കുന്നു. അതുപോലെ കായൽ പ്രദേശങ്ങളിൽ റോഡ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ നിന്നും റോഡുള്ള സ്ഥലത്ത് നെല്ല് കൊണ്ടുവരണമെന്ന് പറയുമ്പോൾ ഭീമമായ ചെലവ് കൃഷിക്കാർ വഹിക്കേണ്ടതായിവരുന്നു. അങ്ങനെയുള്ള പല ബുദ്ധിമുട്ടുകളുടേയും അടിസ്ഥാനത്തിൽ ഈ നെല്ല് സംഭരണം ഫലപ്രദമായി നടക്കാതെപോകുമെന്നുള്ള ഒരു ഭയം കൃഷിക്കാർക്കുണ്ട്. സ്വകാര്യ മില്ലുടമകളുടെ ചൂഷണത്തിന് കർഷകരെ തള്ളിവിടുന്ന ഒരു സ്ഥിതിയുണ്ടാകുമെന്നുള്ള അടിസ്ഥാനത്തിൽ കൃഷിക്കാരുടെ സംഭീതിയകറ്റുന്നതിനും കൃഷിക്കാരിൽ നിന്നും പൂർണ്ണമായും നെല്ല് സംഭരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും കഴിയത്തക്ക നിലയിലുള്ള നടപടികൾ സ്വീകരിക്കുകയും കൃഷിക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരളത്തിൽ നെല്ല് സംഭരണം ആരംഭിച്ചത് കഴിഞ്ഞ സീസൺ മുതലാണ്. വളരെ ഭംഗിയായി കഴിഞ്ഞ സീസണിൽ സഹകരണസംഘങ്ങൾ സംഭരിച്ചുവച്ചിരുന്ന നെല്ല് ഏറ്റെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സബ്മിഷൻ അവതരിപ്പിക്കുകയാണെങ്കിലും ഒന്ന് അഭിനന്ദിക്കേണ്ടതായിരുന്നു. പക്ഷേ അദ്ദേഹം ആ കസേരയിലിരിക്കുന്നു എന്നുള്ളതുകൊണ്ട് അത് ചെയ്യാൻ കഴിയുന്നില്ല. അദ്ദേഹം ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഉന്നയിച്ചത് ഈ പ്രാവശ്യം കൊയ്ത്ത് സീസണായതോടുകൂടി എതാണ്ട് ഒന്നരലക്ഷം ടണ്ണിലധികം നെല്ലുല്പാദനമുണ്ടാകുവാൻ ഇടയുണ്ടെന്നാണ്. ഒരു ആശങ്കയ്ക്കും വഴിയില്ല. എത്ര നെല്ല് കേരളത്തിലുല്പാദിപ്പിച്ചാലും ആ നെല്ല് പൂർണ്ണമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഞാൻ തന്നെ നേരത്തേ പ്രഖ്യാപിച്ചിട്ടുള്ളതാണ്. മില്ലുകൾ ഏറ്റെടുക്കുന്ന കാര്യത്തിൽ, ഇപ്പോൾ എഗ്രിമെന്റ് വച്ചിട്ടുള്ള മില്ലുകൾ മതിയോ എന്നുള്ള ആശങ്കയാണ് അദ്ദേഹം പ്രധാനമായി ഉന്നയിച്ചത്. കഴിഞ്ഞ സീസണിൽ ഞങ്ങൾ എഗ്രിമെന്റ് വച്ചിരുന്നത് 22 മില്ലുകളുമായിട്ടായിരുന്നു. ഈ സീസണിൽ 37 മില്ലുകൾ ഇതിനോടകംതന്നെ എഗ്രിമെന്റ് വച്ചുകഴിഞ്ഞിട്ടുണ്ട്. എഗ്രിമെന്റ് വച്ച മില്ലുകൾ തന്നെ പല തട്ടിപ്പുകളും നടത്തുന്ന ചില അവസ്ഥകൾ കഴിഞ്ഞ പ്രാവശ്യമുണ്ടായി എന്നുള്ളതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നിബന്ധനകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രധാനമായി ഏർപ്പെടുത്തിയിട്ടുണ്ട്. അത് നോക്കാതിരിക്കാൻ പറ്റുകയില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ മുമ്പോട്ടുപോകാൻ കഴിയില്ല എന്നുമാത്രമല്ല അത്തരം കാര്യങ്ങളിൽ വളരെ സുതാര്യതയോടുകൂടി നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഈർപ്പം-അളവ് കാര്യത്തെക്കുറിച്ച് അദ്ദേഹം ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞു. പക്ഷേ അത്തരം കാര്യങ്ങളിൽ എഫ്.സി.ഐ. ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ആ നിബന്ധനകൾക്കു വിധേയമായിത്തന്നെയാണ് അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല കർഷകരെ സംബന്ധിച്ചിടത്തോളം ചില ആശങ്കകൾ നിലനിൽക്കുന്നതായി അദ്ദേഹം പറഞ്ഞു. അതുകൊണ്ട് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ കഴിയുമോയെന്ന് അദ്ദേഹം ഇവിടെ പ്രത്യേകമായി എടുത്തു ചോദിച്ചു. അതിനുവേണ്ടിത്തന്നെ നാളെ, 18-2-2006-ന് കോട്ടയത്ത് തിരുവാർപ്പ് പഞ്ചായത്തിൽ കാഞ്ഞിരം എസ്.എൻ.ഡി.പി. ഹാളിൽവച്ച് 2.30-ന് ആ പ്രദേശത്തുള്ള നെൽകർഷകരെ വിളിച്ചുകൂട്ടിയിട്ടുണ്ട്. അവരുടെ പ്രശ്നങ്ങൾ നേരിട്ടു കേൾക്കുകയും അവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നാളെത്തന്നെ ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നതാണ്. ആലപ്പുഴ ജില്ലയിൽ ഇപ്പോൾ കൊയ്ത്ത് സീസൺ വരാൻ പോകുന്നതേയുള്ളൂ. ഇപ്പോൾ തുടങ്ങിയിട്ടുണ്ട്, അടുത്ത ഒന്നുരണ്ട് ആഴ്ചകൊണ്ട് നെല്ല് എടുത്തു തുടങ്ങേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ആലപ്പുഴയിലെ മങ്കൊമ്പ് റൈസ് റിസർച്ച് സ്റ്റേഷനിൽ വച്ച് 24-2-2006-ന് രാവിലെ 10 മണിക്ക് അവിടുത്തെ നെൽകർഷകരേയും അതുപോലെ ബഹുമാനപ്പെട്ട അംഗമുൾപ്പെടെയുള്ള ആളുകളെയും വിളിച്ചുചേർത്ത് കാര്യങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ച് കേരളത്തിൽ നെൽകർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവുമധികം ആനുകൂല്യം കൊടുക്കുവാൻ കഴിയുന്ന തരത്തിൽത്തന്നെ ഈ പ്രശ്നം പരിഹരിച്ച് മുന്നോട്ടുപോകാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റ് അത് എറ്റെടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. യാതൊരു തരത്തിലുള്ള ആശങ്കയും ഈ കാര്യത്തിൽ വേണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(3) കോഴിക്കോട് ജില്ലയിലെ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കോഴിക്കോട് ജില്ലയിൽ അടച്ചുപൂട്ടിയ രണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് കേരള സോപ്സ് ആന്റ് ഓയിൽസും കോട്ടൺ മില്ലും. ഈ രണ്ട് സ്ഥാപനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരുവർഷം മുമ്പ് ചില തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. കേരള സോപ്സ് ആന്റ് ഓയിൽസിലെ തൊഴിലാളികൾക്ക് 10-25 വർഷം മുമ്പുള്ള ശമ്പളഘടനയാണുള്ളത്. തൊഴിലാളികൾ പിരിഞ്ഞു പോകാമെന്നുള്ള ധാരണയിലെത്തിയിട്ടുണ്ട്. പക്ഷേ ശമ്പള ഘടനയിൽ മാറ്റം വരുത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാമെന്നുള്ള ഗവൺമെന്റ് തലത്തിലുണ്ടായിട്ടുള്ള ഉറപ്പ് ഇതുവരെ നടപ്പിലായിട്ടില്ല. ഗവൺമെന്റ് തലത്തിൽ തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി ശക്തമാക്കുമോ എന്നുള്ളതാണ് അറിയേണ്ടത്. കുറെ തൊഴിലാളികൾ പിരിഞ്ഞുപോയി. ബാക്കിയുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരമുണ്ടാകേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിലാണ് ഒരു നിലപാട് പറയേണ്ടത്. കോട്ടൺ മിൽ ലേ ഓഫിലാണ്. ലേ ഓഫിലായ കോട്ടൺ മില്ലിൽ ലേ ഓഫ് വേജ് കൊടുക്കുന്നില്ല. നിയമാനുസൃതമായി കോട്ടൺ മില്ലിലെ തൊഴിലാളികൾക്ക് ലേ ഓഫ് വേജ് കൊടുക്കേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുക എന്നുള്ളതാണ് അന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ചത്. ഇപ്പോൾ ലേ ഓഫ് വേജ് കൊടുക്കുന്നില്ല. ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നില്ല. ഈ രണ്ട് പ്രശ്നങ്ങളിലും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നും നിയമാനുസൃതമായി എന്തു നിലപാട് സ്വീകരിക്കാൻ കഴിയുമെന്നുള്ളത് പറയേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിൽ 10 ഓട് കമ്പനികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ചെറുകിട ഇഷ്ടിക കമ്പനികളെന്നുപറയുന്നത് നൂറുകണക്കിനാണ് അടച്ചുപൂട്ടിയിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ മേഖലയാണ് ഫറൂഖ് മേഖല. ഈ മേഖലയിലുള്ള ഓട് കമ്പനികൾ, ഇഷ്ടിക കട്ടകൾ നിർമ്മിക്കുന്ന നിരവധി യൂണിറ്റുകൾ ഇതെല്ലാം അടച്ചുപൂട്ടിക്കഴിഞ്ഞു. ഓട് കമ്പനികൾ നേരിടുന്ന പ്രയാസങ്ങളുടെ ഭാഗമായി നൂറുകണക്കിന് എഞ്ചിനീയറിംഗ് യൂണിറ്റുകളും അടഞ്ഞിരിക്കുകയാണ്. ജില്ലയിലാകെ പി.എൽ. കാഷ്യൂ, മമ്മിളി കോഫി ആന്റ് കാഷ്യൂ എന്നീ രണ്ട് കശുവണ്ടി ഫാക്ടറികളാണുണ്ടായിരുന്നത്. ഇതു രണ്ടും അടച്ചുപൂട്ടി. പിന്നെ അവിടെ അടച്ചുപൂട്ടിയിരിക്കുന്ന വ്യവസായ സ്ഥാപനമാണ്

LIBRARY ARCHIVES Kerala Legislative Assembly